


# മാറ്റം

അഷീഷ് റായിച്ചൂർ

അച്ചടിച്ചതും വിതരണം ചെയ്തതും
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: ഒക്ടോബർ 2013

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, byFaith Designz

Contact Information:
All Peoples Church & World Outreach,
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ: +91-80-65970617
ഇമെയിൽ: contact@apcwo.org
വെബ്സൈറ്റ്: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ നിന്നുമാണു, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണു. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - Change)

# മാറ്റം

# ഉള്ളടക്കം


1. മാറ്റം ആവശ്യമായ ഒരു പ്രക്രിയ ................................ 1
2. നമ്മുടെ ആന്തരോദ്ദേശ്യങ്ങളിലും ആഗ്രഹങ്ങളിലും മാറ്റം ................................................. 5
3. നമ്മുടെ ചിന്തിക്കുന്നതിലും പെരുമാറ്റത്തിലും സംസാരിക്കലിലും മാർഗ്ഗദർശനത്തിലും മാറ്റം ..... 8
4. അപ്രതീക്ഷിതമായ മാറ്റങ്ങൾക്കുവേണ്ടി തുറക്കുക ............................................................... 11
5. മാറ്റം പുരോഗതിക്കും അഭിവൃദ്ധിപ്പെടലിനും ആവശ്യം ................................................................. 15
6. മാറ്റത്തിന്റെ ആത്മാവ് .................................................... 17

# 1

# മാറ്റം - ആവശ്യമായ ഒരു പ്രക്രിയ

മാറ്റം! നമുക്കു ചുറ്റിലും എല്ലായിടത്തും, കാര്യങ്ങൾ എപ്പോഴും മാറിക്കൊണ്ടിരിക്കുന്നു. ലോകത്തിൽ എല്ലായിടത്തും സാമൂഹികമായും, രാഷ്ട്രപരമായും, ധനശാസ്ത്രപരമായും അങ്ങനെ മറ്റനേകം കാര്യങ്ങളിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നതു നമ്മൾ കാണുന്നു. ഓരോ കാര്യങ്ങളും ആയിരിക്കുന്നതുപോലെ തന്നെ നിലനിൽക്കുന്നില്ല. പൊതുവായ ഒരു പറച്ചിലുണ്ട്, "ലോകത്തിൽ ഇന്നു മാറ്റം വരാത്തതായ ഒരു കാര്യമുള്ളത് മാറ്റം ആണ്," എന്ന്. 'മാറ്റം' എന്ന വാക്കു സൂചിപ്പിക്കുന്നത് ഒന്നുകിൽ ഒരു സംഭവം അല്ലെങ്കിൽ ഒരു പ്രക്രിയ, ഇപ്പോഴുള്ള അവസ്ഥയിൽനിന്നും വ്യത്യസ്തമായ ഒരവസ്ഥയിലേക്ക് ഒരു കാര്യത്തിനു കാരണമാക്കുന്നു.

ക്രിസ്ത്യാനികൾക്കുകൂടിയും മാറ്റം അതിപ്രധാനമാണ്. നമ്മുടെ ക്രിസ്തീയജീവിതം ആരംഭിച്ചത് മാനസാന്തരത്തിൽനിന്നാണ്, അത് അത്യന്താപേക്ഷിതമായി ഹൃദയത്തിനും മനസ്സിനും ഒരു മാറ്റം, പാപത്തിൽനിന്നും പിശാചിൽനിന്നും, ജീവനുള്ള ദൈവത്തിങ്കലേക്ക്. ആ നിമിഷത്തിൽതന്നെ ദൈവം നമ്മുടെ ഉള്ളിൽ മാറ്റം വരുത്തി. നമ്മൾ വീണ്ടും ജനിച്ചവരായി തീർന്നു.ക്രിസ്തുവിൽ നമ്മൾ പുതിയ സൃഷ്ടികൾ ആയിത്തീർന്നു. ഒരേ നിമിഷത്തിൽ, നമ്മുടെ ആത്മാക്കളിൽ ദൈവം ഒരു സൃഷ്ടിയുടെ പ്രവൃത്തി നടത്തി, അതു നമ്മളെ അന്ധകാരത്തിൽ നിന്നും വെളിച്ചത്തിലേക്കു കൊണ്ടു വന്നു. സാത്താന്റെ അടിമത്തത്തിൽനിന്നും ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിലേക്കു കൊണ്ടുവന്നു. ക്രിസ്തീയ ജീവിതം തുടർച്ചയായുള്ള ഒരു മാറ്റത്തിന്റെ പ്രക്രിയയാണ്. ദൈവം നമുക്കു മുൻകൂട്ടി വിധിയെഴുതി "അവന്റെ പുത്രന്റെ സ്വരൂപത്തോട് അനുരൂപമാകുവാൻ" (റോമർ 8:29). തുടർച്ചയായുള്ള ഒരു പ്രക്രിയയിലൂടെയാണ് നമ്മൾ ആയിരുന്ന ഒരു തരത്തിലുള്ള

ജനങ്ങളിൽനിന്നും പൂർണ്ണമായും ക്രിസ്തുവിനെപ്പോലെ അനുരൂപ രായിത്തീർന്നത്. ആ വലിയ ദിവസത്തിന്റെ മാറ്റത്തിനായി നമ്മൾ നോക്കിക്കൊണ്ടിരിക്കുന്നു – ഒരു കാഹളനാദത്തോടെ കർത്താവ് തന്നെത്താൻ സ്വർഗ്ഗത്തിൽനിന്നിറങ്ങി വരുകയും പെട്ടെന്നു കണ്ണി മക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും (1 കൊരിന്ത്യർ 15:51, 52). മർത്യമായത് അമർത്യത്തെ ധരിക്കും. “നമ്മൾ അവനെ പ്പോലെ ആയിത്തീരും. നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണും” (1 യോഹന്നാൻ 3:2).

പെട്ടെന്നുണ്ടായ ഒരു മാറ്റത്തിലൂടെയാണ് ക്രിസ്തുവിലുള്ള നമ്മുടെ ജീവിതം ആരംഭിച്ചത്. അത് ഉച്ചാവസ്ഥ പ്രാപിക്കുന്നു വേറൊരു പെട്ടെന്നുണ്ടാകുന്ന സംഭവത്തിന്റെ മാറ്റത്തിലൂടെ. എന്നാൽ ഇതിന്റെ രണ്ടിന്റെയും ഇടയിൽ തുടർച്ചയായുള്ള ഒരു മാറ്റത്തിന്റെ പ്രക്രിയയുണ്ട്. ആ വിഷയത്തിലാണ് ഈ പുസ്തകം സവിസ്തരം പ്രതിപാദിക്കുന്നത്. അത് ഒന്നാമതായി പ്രയോജകമായിട്ടുള്ളതാണ്, നമ്മളെ ഉത്തേജിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ തുടർച്ച യായുള്ള മാറ്റത്തിന്റെ പ്രക്രിയയ്ക്കു നമ്മൾ ഊർജ്ജസ്വലമായി ഉൾപ്പെടുവാൻ. നമ്മുടെ ജീവിതത്തിലെ പല സ്ഥാനങ്ങളെയും നമ്മൾ പരിഗണിക്കും. അതു മാറ്റത്തിന്റെ പ്രക്രിയയ്ക്കു അധീന മായി ആവശ്യമാകുന്നത്.

**“എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താ വിന്റെ ദാനമായി തേജസ്സിൻമേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂ പാന്തരപ്പെടുന്നു” (2 കൊരിന്ത്യർ 3:18).**

നമ്മുടെ ദൃഷ്ടി കേന്ദ്രം ക്രിസ്തുവിലാണെങ്കിൽ അപ്പോൾ അതിന്റെ അനിവാര്യമായ പരിണതഫലം അവനെപ്പോലെ തന്നെ നമ്മളും മാറ്റപ്പെടും. യഥാർത്ഥമായി അവന്റെ അടുക്കലേക്കു കൂടു തലായി നമ്മളെ ഇഴയ്ക്കുകയാണെങ്കിൽ അവന്റെ തേജസ്സിലേക്കു കൂടുതലായി ഉറ്റുനോക്കുകയാണെങ്കിൽ, നമ്മുടെ ജീവിതങ്ങളിൽ മാറ്റത്തിനാവശ്യമായ പ്രദേശങ്ങളെ നമ്മൾ കൂടുതലായി അംഗീ

കരിക്കുവാൻ തുടങ്ങും. മുകളിലത്തെ വാക്യം നമ്മളോട് പറയുന്നത് 'നമ്മൾ രൂപാന്തരപ്പെടും' എന്നാണ്. നമ്മൾ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുമ്പോൾ നമ്മൾ തേജസ്സിൽനിന്നും തേജസ്സിലേക്കു അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് മാറ്റം, ഒരു മണ്ഡലത്തിൽനിന്നും വേറൊരു മണ്ഡലത്തിലേക്കു നീങ്ങുന്ന പ്രക്രിയയ്ക്കു അത്യാവശ്യമാണ്. ഇതാകുന്നു, ആത്മീകവളർച്ച അല്ലെങ്കിൽ ആത്മീകാഭിവൃദ്ധി കൊണ്ടുവരുന്നത്. മാറ്റമില്ലാതെ ആത്മികവളർച്ച പ്രാപിക്കുവാൻ കഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ വളർച്ച തന്നെ മാറ്റത്തിന്റെ ഒരു പ്രക്രിയയാണ്. ദൈവത്തിന്റെ ഏതെങ്കിലും മക്കൾ, വ്യാപ്തി വർദ്ധിപ്പിച്ച ഒരു സമയപരിധിക്കുള്ളിൽ, ആത്മീകമായി ഒരേ അവസ്ഥയിൽതന്നെ നിൽക്കണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല എന്നു ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ, ദൈവം ആഗ്രഹിക്കുന്നത് നമ്മൾ മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കണം എന്നാണ്. നമ്മൾ നിശ്ചലമായിത്തീരുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.

നമ്മുടെ ആത്മീകജീവിതത്തിൽ മാത്രമല്ല നമുക്കു മാറ്റം ആവശ്യമായിരിക്കേണ്ടത്, ഓരോ ദിവസവുമുള്ള നമ്മുടെ ജീവിതത്തിൽ എല്ലാ വശങ്ങളിലും മാറ്റം പ്രത്യക്ഷമായിരിക്കണം. നമ്മുടെ വ്യക്തിത്വത്തിലും, പെരുമാറ്റത്തിലും, ബുദ്ധിശക്തിയിലും, സമർത്ഥതകളിലും, കഴിവുകളിലും ആദായങ്ങളിലും, പദ്ധതികളിലും, ലക്ഷ്യങ്ങളിലും അതുപോലെയുള്ള എല്ലാറ്റിലും മാറ്റം നമ്മൾ സ്വാഗതം ചെയ്യണം. നമ്മുടെ ജീവിതത്തിലെ എല്ലാ മേഖലകളിലും തേജസ്സിൻമേൽ തേജസ്സു പ്രാപിക്കാനുള്ള നീക്കത്തിനു ഉറപ്പു വരുത്തപ്പെട്ട ബുദ്ധിപരമായ അദ്ധ്വാനം ഉണ്ടായിരിക്കണം. ഈ ഭൂമിയിലെ നമ്മുടെ ജീവിതത്തിന്റെ എല്ലാ വിശദവിവരങ്ങളിലും ദൈവം താല്പര്യപ്പെടുന്നു. നമ്മുടെ വിദ്യഭ്യാസം, ജീവിതഗതി, കുടുംബം, തൊഴിൽ, പൗരോഹിത്യം. ഇതിന്റെ ഓരോ സ്ഥലങ്ങളിലും, ഉയരത്തിലും മെച്ചപ്പെട്ട നിലയിലും മുമ്പോട്ടു പ്രവർത്തിക്കാനുള്ള കാര്യങ്ങൾ എല്ലായ്പ്പോഴുമുണ്ട്.

ഉദാഹരണമായി, നിങ്ങൾ വിജയിയായ ഒരു വൈദ്യനാണെ

ങ്കിൽ, കൂടുതൽ നല്ലതിനുവേണ്ടി അദ്ധ്വാനിക്കുവാൻ നിങ്ങൾക്കു കഴിയും. ഒരുപക്ഷേ, ചികിത്സക്കു വകയില്ലാത്തവർക്കും അല്ലെങ്കിൽ പ്രവേശനം ഇല്ലാത്തവർക്കും മരുന്ന് കൊണ്ടുവരുന്നതിനു സഹായിക്കുന്നതിനുള്ള പുതിയ വഴികളെ കുറിച്ച് നിങ്ങൾക്കു ചിന്തിക്കുവാൻ കഴിയും. നേരത്തെയുള്ള നിങ്ങളുടെ പദ്ധതിയിലെ ഭാഗമായിരിക്കണമെന്നു ആവശ്യമില്ലാത്ത കാര്യങ്ങളെക്കുറിച്ചും നിങ്ങൾക്കു ചിന്തിച്ചു ചെയ്യുവാൻ കഴിയും. ഒരു വിദ്യാർത്ഥി എന്ന നിലക്കു, നിങ്ങളുടെ അറിവും നിർവഹണവും അഭിവൃദ്ധിപ്പെടുത്തുവാൻ നിങ്ങൾക്കു അദ്ധ്വാനിക്കുവാൻ കഴിയും. സുഖപ്രദമായ ഗാർഹികജീവിത പരിപാലനം നടത്തുന്നവർ എന്ന നിലയ്ക്കു, നിങ്ങളുടെ കുടുംബങ്ങൾക്കു നിങ്ങൾ കൊടുക്കുന്ന ശ്രദ്ധയുടെയും ആശ്വസിപ്പിക്കലിന്റെയും ഗുണത്തിൽ മെച്ചപ്പെടുത്തുവാൻ നിങ്ങൾക്കു ആരായുവാൻ കഴിയും.

എന്നാൽ, ഇവയോരോന്നും സാദ്ധ്യമാകണമെങ്കിൽ ഒരു മാറ്റത്തിനു നമുക്കു സമ്മതമാണെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. തുടർന്നുള്ള അദ്ധ്യായങ്ങളിൽ മാറ്റത്തിന്റെ ചില സ്ഥലങ്ങളെ നമുക്കു പരിഗണിക്കാം.

> നമ്മുടെ ദൃഷ്ടികേന്ദ്രം ക്രിസ്തുവിൽ ആണെങ്കിൽ അപ്പോൾ അതിന്റെ അനിവാര്യമായ പരിണതഫലം അവനെപ്പോലെ തന്നെ നമ്മളും മാറ്റപ്പെടും. യഥാർത്ഥമായി അവന്റെ അടുക്കലേക്കു കൂടുതലായി നമ്മളെ ഇഴയ്ക്കുകയാണെങ്കിൽ അവന്റെ തേജസ്സിലേക്കു കൂടുതലായി ഉറ്റുനോക്കുകയാണെങ്കിൽ നമ്മുടെ ജീവിതങ്ങളിൽ മാറ്റത്തിനാവശ്യമായ പ്രദേശങ്ങളെ നമ്മൾ കൂടുതലായി അംഗീകരിക്കുവാൻ തുടങ്ങും.

# 2

# നമ്മുടെ ആന്തരോദ്ദേശ്യങ്ങളിലും ആഗ്രഹങ്ങളിലും മാറ്റം

**"ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ" (സങ്കീർത്തനങ്ങൾ 51:10).**

നമ്മുടെ ഉള്ളിലെ ആന്തരോദ്ദേശ്യങ്ങളും ആഗ്രഹങ്ങളും അത്യന്തമായി പ്രധാനമേറിയവയാണ്. നമ്മൾ മനസ്സിലാക്കേണ്ടത് ആവശ്യമാണ്, ഏറ്റവും അധികം ആത്മീകനിലും ഏറ്റവും ശരിയായി അർത്ഥമാക്കുന്ന ക്രിസ്ത്യാനിയിൽ പോലും ചില കാര്യങ്ങളിൽ തെറ്റായ ആന്തരികോദ്ദേശ്യങ്ങളും ആഗ്രഹങ്ങളും ഉണ്ടായിരിക്കുവാൻ കഴിയും. നമ്മളിൽ ആർക്കും അങ്ങനെയുള്ള തെറ്റുകൾക്കു എതിരായി സ്വയമേവ ബന്ധമില്ലാതിരിക്കുവാൻ കഴിയില്ല. അതിനുപകരം, തുടർച്ചയായി നമ്മൾ അവക്കെതിരെ സൂക്ഷിക്കണം. ദൈവം അനുശാസിക്കുന്നു, "സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക, ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത്" (സദൃശവാക്യങ്ങൾ 4:23). തെറ്റായ ആന്തരികോദ്ദേശ്യങ്ങൾക്കു അടിമ ആയിത്തീരുന്നതിൽനിന്നും നമ്മുടെ ഹൃദയത്തെ കാത്തുസൂക്ഷിക്കേണ്ട ചുമതല നമ്മളിലാണ് കിടക്കുന്നത്. നമ്മുടെ സ്വന്തഹൃദയങ്ങളെ പരിശോധിച്ച് അങ്ങനെയുള്ള ആന്തരികോദ്ദേശ്യങ്ങളും ആഗ്രഹങ്ങളും ഉണ്ടെങ്കിൽ അത് അംഗീകരിക്കുന്നതിൽ ഒരു തെറ്റും ഇല്ല. ഇതു വളരെ പ്രധാനമാണ്, മാറ്റത്തിന്റെ ആദ്യത്തെ പടിയാണ്. തിരുവെഴുത്തുകൾ വീണ്ടും വീണ്ടും നമ്മളോടു പറയുന്നു. നമ്മളെതന്നെ പരിശോധിക്കുവാൻ.

**"മനുഷ്യർ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കയും ചെയ്വാൻ" (1 കൊരിന്ത്യർ 11:28).**

**"നാം നമ്മെതന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല' (1 കൊരിന്ത്യർ 11:31).**

**"നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെ തന്നെ പരീക്ഷിപ്പിൻ; നിങ്ങളെതന്നെ ശോധന ചെയ്വിൻ.നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു വരികിൽ, യേശുക്രിസ്തു നിങ്ങളിൽ ഉണ്ട് എന്നു നിങ്ങളെത്തന്നെ അറിയുന്നില്ലയോ? (2 കൊരിന്ത്യർ 13:5).**

## പൗരോഹിത്യശുശ്രൂഷയിൽ ആന്തരികോദ്ദേശ്യങ്ങൾ

തെറ്റായ ആന്തരികോദ്ദേശ്യങ്ങളും ആഗ്രഹങ്ങളും മനസ്സിലാക്കിയശേഷം നമ്മൾ അവയെ ഏറ്റുപറയേണ്ടത് ആവശ്യമാണ്, നമ്മളെ മാറ്റുന്നതിന് ദൈവത്തോട് അപേക്ഷിക്കണം. ദാവീദ് പ്രാർത്ഥിച്ചതുപോലെ പ്രാർത്ഥിക്കണം "ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കണമേ." വ്യക്തിപരമായി നമ്മുടെ സ്വന്തം ജീവിതങ്ങളിൽ നമ്മൾ ജനങ്ങൾക്കു ശുശ്രൂഷ ചെയ്യുമ്പോൾ വളരെയധികം വ്യത്യസ്തമായ സ്ഥലങ്ങളിൽനിന്നുമുള്ള തെറ്റായ ആന്തരികോദ്ദേശ്യങ്ങളിൽനിന്നും തുടർച്ചയായി നമ്മളെത്തന്നെ കാത്തുസൂക്ഷിക്കണം. നമ്മൾ നമ്മളോടുതന്നെ ചോദിക്കേണ്ടത് ആവശ്യമാണ്,"ഞാൻ എന്തുകൊണ്ടാണ് ഇതു ചെയ്യുന്നത്? എന്റെ ആന്തരികോദ്ദേശ്യം എന്താണ്? എന്റെ കാര്യമായ ആഗ്രഹം എന്താണ്?" ഉദാഹരണമായി, ഒരു പ്രത്യേക സ്ഥലത്തു ശുശ്രൂഷിക്കുവാൻ നമ്മളെ ക്ഷണിക്കുമ്പോൾ, നമ്മുടെ ഹൃദയത്തെ ഒരുക്കുവാനായി ദൈവത്തോടു ചോദിക്കണം. അതുപോലെ അവിടെ പോകുന്നതിനു ഒരു നിർമ്മലമായ ആന്തരികോദ്ദേശ്യം തരുന്നതിനും. നമ്മുടെ ഹൃദയങ്ങളെ നമ്മൾ കാത്തുസൂക്ഷിക്കണം. നമ്മുടെ ശുശ്രൂഷയ്ക്കു അവർ തരുന്ന കാഴ്ചദ്രവ്യത്തിൽ ദൃഷ്ടി കേന്ദ്രീകരിക്കുന്നതിൽനിന്നും. ദൈവത്തിന്റെ സ്നേഹവും ശക്തിയും അമാനുഷമായി പ്രകടിപ്പിക്കുവാൻ നമ്മൾ ആഗ്രഹിക്കുമ്പോൾ, നമ്മുടെ ഹൃദയങ്ങളെ നമ്മൾ കാത്തുസൂക്ഷിക്കണം. "വളരെ അഭിഷിക്തനായ ദൈവത്തിന്റെ ഒരു ശുശ്രൂഷകനാണെന്നു" അംഗീകരിക്കണമെന്നുള്ള

ആഗ്രഹത്തിന്റെ അപ്പുറമുള്ള ആന്തരികോദ്ദേശ്യത്തിൽനിന്നും. ശുശ്രൂഷയിൽ വളരുവാൻ നമ്മൾ ആഗ്രഹിക്കുമ്പോൾ, നമ്മുടെ ഹൃദയങ്ങളെ, നമ്മുടെ സ്വന്ത ശുശ്രൂഷ അല്ലെങ്കിൽ "രാജ്യം" വർദ്ധിപ്പിക്കണം എന്ന ആഗ്രഹത്തിൽ നിന്നും കാത്തുസൂക്ഷിക്കണം. നമ്മൾ നമ്മളെത്തന്നെ എപ്പോഴും ഓർമിപ്പിക്കേണ്ടതാവശ്യമാണ്. ഇതു "ദൈവത്തിന്റെ വേലയാണ്" അല്ലാതെ " നമ്മുടെ വേലയല്ല," ഇതു "ദൈവത്തിന്റെ രാജ്യമാണ്" അല്ലാതെ "നമ്മുടെ രാജ്യമല്ല."

ശുശ്രൂഷയിൽ ജാഗരൂകനായിരിക്കേണ്ടതിന്റെ പ്രാധാന്യം ഞാൻ ഉറപ്പിച്ചു പറഞ്ഞു. എന്തുകൊണ്ടെന്നാൽ നമ്മുടെ ജീവിതങ്ങളിൽ അനേകം കാര്യങ്ങൾ തീരുമാനിക്കുന്നതും സ്വാധീനം ചെലുത്തുന്നതും നമ്മുടെ ആന്തരികോദ്ദേശ്യങ്ങളിൽനിന്നും ആഗ്രഹങ്ങളിൽ നിന്നുമാണ്. എല്ലാറ്റിലും ഉപരിയായി നമ്മുടെ ബാഹ്യമായ പ്രകടനത്തിനപ്പുറം ദൈവം കാണുന്നു. "മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു എന്നു അരുളിചെയ്തു". (1 ശമൂവേൽ 16:7). "ദൈവം അന്തർഭാഗത്തിലെ സത്യം ഇച്ഛിക്കുന്നു (സങ്കീർത്തനങ്ങൾ 51:6). നിങ്ങളുടെ ആന്തരികോദ്ദേശ്യങ്ങളിലും ആഗ്രഹങ്ങളിലും എപ്പോഴും ഒരു ശ്രദ്ധ വയ്ക്കുക. അവ ശരിയല്ലെങ്കിൽ ദൈവത്തിന്റെ അടുക്കലേക്കു പോയി നിങ്ങളെ മാറ്റുവാൻ ദൈവത്തോട് അപേക്ഷിക്കുക.

> നമ്മുടെ ഹൃദയം തെറ്റായ ആന്തരികോദ്ദേശ്യങ്ങൾക്ക് അടിമയാകുന്നതിൽനിന്നും കാത്തുസൂക്ഷിക്കേണ്ട ചുമതല നമ്മളിലാണ് കിടക്കുന്നത്.

# 3
# നമ്മുടെ ചിന്തിക്കുന്നതിലും പെരുമാറ്റത്തിലും സംസാരിക്കലിലും മാർഗ്ഗദർശനത്തിലും മാറ്റം

**"ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:2).**

**"നിങ്ങളുടെ ഉള്ളിലെ ആത്മാവുസംബന്ധമായി പുതുക്കം പ്രാപിപ്പിൻ" (എഫെസ്യർ 4:23).**

**"ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്; വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്കുക" (1 തിമൊഥെയോസ് 4:12).**

നമ്മുടെ ചിന്തകളിലും പെരുമാറ്റങ്ങളിലും ഒരു മാറ്റം കാണുവാൻ ദൈവം ആഗ്രഹിക്കുന്നു. "നമ്മുടെ മനസ്സു രൂപാന്തരപ്പെടുത്തുക" (റോമർ 12:2) എന്നതു ചൂണ്ടിക്കാണിക്കുന്നതു നമ്മുടെ വീക്ഷണങ്ങളിലും പെരുമാറ്റങ്ങളിലും നമ്മൾ ചിന്തിക്കുന്ന വഴികളിലും ഒരു മാറ്റം വേണം എന്നാണ്. ഇതിന് അനവധി പരിമാണങ്ങൾ ഉണ്ട്. 'ലോകചിന്തകളെപ്പറ്റി'ചിന്തിക്കുന്നതിൽനിന്നും നമുക്ക് മാറ്റം ആവശ്യമാണ് അല്ലെങ്കിൽ ദൈവത്തെക്കുറിച്ചുള്ള ചിന്തകളും പെരുമാറ്റങ്ങളും എടുത്തുകളയുന്നതായ 'ലോകപരമായ' പെരുമാറ്റങ്ങളിൽനിന്നും മാറ്റം. 'താഴ്ന്ന ചിന്തകളിൽനിന്നും നമ്മൾ വിടുതൽ പ്രാപിക്കേണ്ടതു ആവശ്യമാണ്, എന്നിട്ട് നമ്മുടെ നിലവാരം ഉയർത്തണം, ദൈവവചനത്തോടുള്ള പൊരുത്തത്തിൽ നമ്മൾ ചിന്തിക്കണം അതുപോലെ വിശ്വാസത്തിന്റെ നിലപാടിൽനിന്നും. നമ്മളിൽ ചിലർ നമ്മുടെ നൈരാശ്യവാദം വിട്ടുകളയേണ്ടതു ആവശ്യമാണ്, 'ചെയ്യാൻ പറ്റത്തില്ല' എന്നുള്ള നിഷേധരൂപമായ സമീപനം, എന്നിട്ടു ദൈവത്തിലുള്ള കേവലമായ വിശ്വാസത്തിലൂടെ വലിയ സാദ്ധ്യതകളെ കാണുവാൻ തുടങ്ങണം. നമ്മ

ളിൽ ചിലർ 'പഴയ രീതിയിൽ' കാര്യങ്ങൾ ചെയ്യുന്നതിനു സ്ഥാനം ഉറപ്പിച്ചിരിക്കുകയാണു, ദൈവം തന്നെത്താൻ ചെയ്യാൻ ആഗ്രഹിക്കുന്ന കാര്യങ്ങളെ, 'നവമായതും പുതിയതുമായതും,' സ്വീകരിക്കുവാൻ നമ്മൾ മനസ്സില്ലാത്തവരാണ്. നമ്മുടെ മതപരമായ ആചാരങ്ങളും, പാരമ്പര്യങ്ങളും നമ്മളെ വളരെ അധികം ബന്ധിച്ചിരിക്കുകയാണ് നമ്മുടെ ചിന്തകളിൽ, ദൈവത്തിനു വേറെ വഴിയിൽ ചെയ്യാൻ സാധിക്കില്ല, നമ്മളെ പഠിപ്പിച്ച വഴികൾ ഒഴികെ, ഇങ്ങനെ സമ്മതിച്ചതായി നമ്മൾ കണക്കാക്കുന്നു.

വേറെ ചിലർക്കു അനേകം ചെറിയ സ്വപ്നങ്ങളുണ്ട്, വളരെ താണതായ അഭിലാഷങ്ങൾ, വളരെ മങ്ങിയ ദർശനങ്ങൾ, ഈ ഭാഗങ്ങളിലെല്ലാം ഒരു മാറ്റം കാണാൻ അവർക്ക് ആവശ്യമാണ്. നമ്മൾ വലിയ സ്വപ്നം കാണേണ്ടതാവശ്യമാണ്, ദൈവത്തിനു വേണ്ടി കൂടുതൽ പൂർത്തിയാക്കണം എന്ന ആഗ്രഹം ആവശ്യമാണ്. ലോകത്തിൽ ഒരു മാറ്റം വരുത്തിക്കത്തക്ക ദർശനങ്ങൾ കിട്ടേണ്ടതാവശ്യമാണ്. നമ്മളിൽ ചിലർ, തോൽവിയുടെയും, പരാജയത്തിന്റെയും, നിരുത്സാഹപ്പെടുത്തലിന്റെയും, അത്യാപത്തുകളുടെയും അനുഭവങ്ങളാൽ, ഒരു ഉദാസീനതയുടെ അവസ്ഥയിലും, പ്രത്യാശയില്ലായ്മയുടെ അവസ്ഥയിലും അല്ലെങ്കിൽ നൈരാശ്യത്തിന്റെ അവസ്ഥയിൽപോലും വീണുപോയിരിക്കാം. പുരോഗതിക്കും അഭിവൃദ്ധിപ്പെടലിനും വേണ്ടി അദ്ധ്വാനിക്കുന്നതിലുള്ള മുന്നേറ്റവും, പ്രയോജകവും അവിടെ കണ്ടില്ലെന്നിരിക്കാം. നമ്മൾ അല്പം സഹകരണം ദൈവത്തിനു കൊടുക്കുന്നതിന് മനസ്സുള്ളവരാണെങ്കിൽ മാത്രം ദൈവത്തിന് എല്ലാറ്റിനും മാറ്റം വരുത്തുവാൻ കഴിയും. നമ്മുടെ പെരുമാറ്റത്തിൽ ശക്തമായ ഒരു മാറ്റം നമുക്ക് ആവശ്യമാണ്!! ചിലർ നിലനിൽക്കുന്ന നീട്ടി നീട്ടി വയ്ക്കുന്നവരാണ്, അവർ അത് മാറ്റേണ്ടത് ആവശ്യമാണ്. ചിലർ പദ്ധതി ഉണ്ടാക്കുന്നവരും സംസാരിക്കുന്നവരുമാണ്. എന്നാൽ, അവർ "കലപ്പയ്ക്കു കൈ"വയ്ക്കുന്നവരല്ല. ഇതിനും മാറ്റം ആവശ്യമാണ്. ചിലർ ദൈവത്തിനു പ്രസാദം വരാത്ത രീതിയിൽ ഭയത്താലും, അഹങ്കാരത്താലും, വിദ്വേഷത്താലും, സ്വാഭാവലക്ഷ

ണത്താലും ബന്ധിക്കപ്പെട്ടവരാണ്. അതിനു മാറ്റം വരുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ സംസാരത്തിലും മാർഗ്ഗദർശനത്തിലും വലിയ തലങ്ങളിലേക്ക് നമ്മെ ഉയർത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ സംസാരവും മാർഗ്ഗദർശനവും ഒരു വിശ്വാസിക്ക് യോജിച്ചതായിരിക്കണം.

വ്യക്തിപരമായി നമ്മുടെ സ്വന്ത ജീവിതങ്ങളിൽ നമ്മുടെ ചിന്തകളും പെരുമാറ്റങ്ങളും ശരിയല്ലെന്ന് നമ്മൾ ഉണർവുള്ളവരാകുമ്പോൾ നമുക്കു ദൈവത്തിന്റെ അടുത്തേക്കു പോകേണ്ടതാവശ്യമാണ്. ദൈവത്തിന്റെ മുമ്പാകെ അവയെ നമ്മൾ അംഗീകരിക്കണം. ദൈവം അതു മാറ്റിത്തരുവാൻ നമ്മൾ പ്രാർത്ഥിക്കണം. ദൈവത്തോടുകൂടെ അനേകവർഷം നടന്നതിനുശേഷവും നമ്മുടെ ജീവിതങ്ങളിൽ മാറ്റം വരുത്തേണ്ടതായ പ്രദേശങ്ങളെ എന്നിട്ടും നമ്മൾ അംഗീകരിക്കും. നിങ്ങളുടെ സ്വന്ത ജീവിതത്തിൽ പെരുമാറ്റങ്ങളേയും ചിന്തകളുടെ മാതൃകകളെയും മനസ്സിലാക്കി ദൈവത്തിന്റെ അടുക്കലേക്കു കൊണ്ടുവന്ന് പറയുവാൻ സാധിക്കുമോ, "ദൈവമേ ഇതെല്ലാം എന്റെ ജീവിതത്തിൽ മാറിക്കാണുവാൻ ആവശ്യമായിരിക്കുന്നു."

> 'ലോകപരമായി ചിന്തിക്കുന്ന' ചിന്തകളിൽനിന്നും അല്ലെങ്കിൽ 'ലോകപരമായ' പെരുമാറ്റങ്ങളിൽ നിന്നും നമുക്കു മാറ്റം ആവശ്യമാണ്. എന്നിട്ടു ദൈവത്തിന്റെ ചിന്തകളും പെരുമാറ്റങ്ങളും നമ്മൾ ഏറ്റെടുക്കണം.

# 4

# അപ്രതീക്ഷിതമായ മാറ്റങ്ങൾക്കു വേണ്ടി തുറക്കുക

**"കാറ്റ് ഇഷ്ടമുള്ളിടത്ത് ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അത് എവിടെ നിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു എന്നു ഉത്തരം പറഞ്ഞു" (യോഹന്നാൻ 3:8).**

ആത്മാവിനാൽ ജനിക്കുമ്പോൾ നമ്മളെ ഒരു ജീവിതത്തിലേക്കു പ്രവേശിപ്പിക്കുന്നു, അവിടെ എല്ലാം പൂർണ്ണമായി വിവരിക്കുവാൻ കഴിയുന്നതല്ല. ചില കാര്യങ്ങൾക്കു കീഴടങ്ങി അനുഭവമാക്കണം. കർത്താവായ യേശു ആത്മാവിനാൽ കൊണ്ടുവരുന്ന പുതുജനനത്തെ, അതിനു ഇഷ്ടപ്പെടുന്നിടത്തേക്കു അടിക്കുന്ന കാറ്റിനോട് സമാന്തരമാക്കി. നമ്മൾ ഇത് അനുഭവമാക്കുക മാത്രമാണ് ചെയ്യുന്നത്. അതിന്റെ യഥാർത്ഥ ഉത്ഭവവും ഉദ്ദിഷ്ടസ്ഥാനവും നമ്മൾ അറിയുന്നില്ല. അതുപോലെതന്നെയാണ് ആത്മാവിന്റെ അനേകം പ്രവൃത്തികളും എല്ലാം പൂർണ്ണമായും വിവരിക്കുവാൻ കഴിയുന്നതല്ല. നമ്മൾ അനുഭവിക്കുക മാത്രമാണ്, അവൻ എന്താണ് അനുഷ്ഠിച്ചതെന്ന് അറിയുന്നു. നമ്മുടെ ജീവിതങ്ങളിൽ ചില സമയങ്ങളിൽ അപ്രതീക്ഷിതമായ സംഭവങ്ങളും സന്ദർഭങ്ങളും ദൈവം ഉദ്ദേശിച്ച കാര്യം ഫലവത്താകുവാൻ വേണ്ട സജ്ജീകരണം ശ്രദ്ധയോടെ ചെയ്യും, നമുക്ക് അത് മുഴുവനായും അപ്രതീക്ഷിതമായിരിക്കും. അതുപോലെയുള്ള കാര്യങ്ങളുമായി ഏറ്റുമുട്ടേണ്ടിവരുമെന്ന് നമുക്കു മുമ്പിലത്തെ ഒരറിവും ഉണ്ടായിരിക്കുകയില്ല. അത് നമ്മുടെ പദ്ധതിയുടെ ഭാഗമായിരിക്കുകയില്ല. എന്നിരുന്നാലും, ബുദ്ധിപരമായി ചെയ്യേണ്ടകാര്യം ദൈവത്തിനു കീഴടങ്ങുക എന്നതാണ്. എന്നിട്ട് 'കാറ്റ് അടിക്കുന്നിടത്തേക്ക് പോകുക.' അപ്രതീക്ഷിതമായ മാറ്റങ്ങൾക്കു തുറക്കുവാൻ പഠിച്ചിരിക്കേണ്ടത് ഏറ്റവും അതിപ്രധാനമാണ്, അവയെ നമ്മുടെ ജീവിതങ്ങളിൽ

ദൈവം കൊണ്ടുവരുന്നത്. ഇവ നമ്മുടെ ജീവിതങ്ങളിലെ തിരിക്കുന്ന ഒരു സന്ദർഭമായിരിക്കുവാൻ കഴിയും.

## നമ്മുടെ ശുശ്രൂഷയിലെ മാറ്റങ്ങൾ

ഞാനും എന്റെ ഭാര്യ ആമിയും ഞങ്ങൾക്കു വളരെയധികം ഉദാഹരണങ്ങൾ എടുത്തുപറയുവാൻ കഴിയും, അപ്രതീക്ഷിതമായ മാറ്റങ്ങൾ എങ്ങനെയാണ് ദൈവം ഉപയോഗിച്ചതെന്ന്, ഞങ്ങൾക്കുവേണ്ടി എന്തായിരുന്നു ദൈവത്തിന്റെയടുക്കൽ ഉണ്ടായിരുന്നത് അതിലേക്ക് ഞങ്ങളെ നയിക്കുവാനായി. 1995ൽ എന്റെ പിതാവ് വ്യാപാര സംബന്ധമായ ആവശ്യങ്ങൾക്കായി അമേരിക്കയിലേക്കു പോയി. ഒരു രാത്രിയിൽ അവിടെ നിന്നിട്ട് ബ്രൂൺസ്വിക്ക്, ന്യൂജേഴ്സിയിൽ ഞങ്ങളെ സന്ദർശിക്കുവാൻ എന്റെ പിതാവ് തീരുമാനിച്ചു. അവിടെയാണ് ഞങ്ങൾ താമസിച്ചിരുന്നത്. ഒരു ശനിയാഴ്ചയാണ് അദ്ദേഹം വന്നത്. അടുത്തദിവസം വൈകിട്ട് തിരിച്ച് പോകണമായിരുന്നു. ഒരു ആഫ്രിക്കൻ-അമേരിക്കൻ സഭയിൽ പോകണമെന്നു അദ്ദേഹത്തിനു എല്ലായ്പ്പോഴും ആഗ്രഹമുണ്ടായിരുന്നു. അവർ പാടുന്നതും, ആരാധനാരീതിയും അനുഭവിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അടുത്തുതന്നെ ഒരു ആഫ്രിക്കൻ – അമേരിക്കൻ സഭയുണ്ടായിരുന്നു. ഞായറാഴ്ച രാവിലെ ഞങ്ങൾ അവിടെ പോയി. ഞാൻ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തതും അനുഭവിച്ചിട്ടില്ലാത്തതുമായ ആവേശകരമായ പരപ്രേരണ കൂടാതെയാണ് അവിടെ പാടിയിരുന്നത്. ഇതു വളരെ ഉച്ചത്തിൽ ആയിരുന്നു. ചെവി പൊട്ടിപോകുന്നമാതിരി, കെട്ടിടം താഴെ വീഴാൻ തുടങ്ങുന്നതുപോലെ കാണപ്പെട്ടു. മിക്കവാറും ആ വിധത്തിലാണ് എനിക്കു അനുഭവപ്പെട്ടത്. ആ സമയം വരെയും യൂണിവേഴ്സിറ്റിയിൽ കൊറിയൻ-അമേരിക്കൻ സഹോദരൻമാരോടും, സഹോദരിമാരോടും കൂടെയാണ് ഞാൻ പ്രവർത്തിച്ചിരുന്നതും അടുത്ത കൂട്ടായ്മയുണ്ടായിരുന്നതും. സ്തുതിക്കുന്നതിൽ ഞങ്ങൾ സ്വാതന്ത്ര്യം ആനന്ദിച്ചു, എന്നാൽ അവിടെ സാക്ഷീകരിച്ചതുപോലെയൊന്നും അല്ലായിരുന്നു. അപ്പോൾ ഒരു ആയിരം ചിന്ത

കൾ എന്റെ മനസ്സിലൂടെ കടന്നുപോയി. എന്നിൽ എനിക്കു ആഴത്തിൽ അറിയാമായിരുന്നു, അതുപോലെയുള്ള ആരാധനയിലെ സ്വാതന്ത്ര്യം ശരിയാണെന്ന്. ദൈവത്തിന് സ്തുതിയും ആരാധനയും പ്രകടിപ്പിക്കുന്നതിൽ സ്വാതന്ത്ര്യമായിരിക്കണമെന്ന് എനിക്ക് എല്ലായ്പ്പോഴും ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ഈ ആഫ്രിക്കൻ-അമേരിക്കൻ സഭയിൽ എന്താണ് സംഭവിക്കുന്നതെന്ന് താരതമ്യപ്പെടുത്തിയപ്പോൾ ഒരു ഇഷ്ടിക മതിലിനേക്കാളും വളയാത്തതായി എനിക്കു തോന്നി. ആ ദിവസത്തിന്റെ ഒടുവിൽ ഞാൻ തനിച്ചായിരുന്നപ്പോൾ, ഞാൻ വളരെയധികം സമ്മിശ്രമാക്കപ്പെട്ടതായി ഞാൻ കണ്ടു. എന്റെ ഒരു ഭാഗം പറഞ്ഞു. "ദൈവമേ ഞാൻ അവിടെ തിരിച്ചുപോകാൻ ആഗ്രഹിക്കുന്നില്ല. അവരെപ്പോലെയായിരിക്കുവാൻ എനിക്കു ഒരിക്കലും സാധിക്കില്ല. ആ ശബ്ദം എനിക്കു സഹിക്കുവാൻ പറ്റില്ല." എന്റെ മറ്റൊരു ഭാഗം പറഞ്ഞു ദൈവമേ അവർക്കുള്ളതു യഥാർത്ഥമായി എനിക്കു ആവശ്യമാണ് – അങ്ങയെ ആരാധിക്കുന്നതിൽ അതുപോലെയുള്ള സ്വാതന്ത്ര്യം." ശരി, ചുരുക്കിപ്പറഞ്ഞാൽ, ഞാൻ അവിടെ തിരിച്ചുപോയി. ചുരുങ്ങിയസമയത്തിനകം ശുശ്രൂഷചെയ്യുന്നതിന് എനിക്കു അവസരങ്ങൾ തന്നു. എല്ലാ ബുധനാഴ്ചയും രാത്രിയിൽ ആ സഭയിൽ ഞങ്ങൾ അങ്ങനെ ചെയ്തു. അവിടെ അത്ഭുതകരമായ ആ ആഫ്രിക്കൻ-അമേരിക്കൻ സഹോദരൻമാരെയും സഹോദരിമാരെയും കണ്ടുമുട്ടുവാൻ കഴിഞ്ഞു. സന്ദർശനത്തിനായി സ്പെയിനിൽ നിന്നും വന്ന ദമ്പതികളായ മാനുവേലിനെയും ടാനിയായേയും ഞങ്ങൾ കണ്ടുമുട്ടി. പിന്നീട് അവർ സ്ഥാപിച്ചുകൊണ്ടിരുന്ന സ്പെയിനിലെ സഭയിൽ ശുശ്രൂഷിക്കുവാൻ ഞങ്ങൾക്ക് ക്ഷണം കിട്ടി. പെട്ടെന്നു അതുകഴിഞ്ഞ് സ്പെയിനിലെ സഭയുടെ ജീവനിൽ വളരെയധികം ഞങ്ങൾ പങ്കുവയ്ക്കുവാൻ തുടങ്ങി. മാനുവേലും ടാനിയായും ഒരു ആഴ്ചയുടെ അടിസ്ഥാനത്തിൽ വചനം പഠിക്കുവാൻ ഞങ്ങളുമായി സമയം ചെലവഴിച്ചു. സ്പാനിഷ് സഭയിലെ സംഗീതശുശ്രൂഷയിൽ ആമി സഹായിച്ചു. 1996ൽ അവരുടെ സഹായത്തോടെ ഒരു സമയത്തെ ശുശ്രൂഷയ്ക്കായി ഞങ്ങൾ

ഇക്വഡോറിലേക്ക് പോയി. എന്റെ പിതാവിന്റെ ബ്രൂൺസ്‌വിക്കിലെ ഒരു രാത്രിയിലെ താമസത്തിലൂടെ സംഭവിച്ച എല്ലാ ചങ്ങലപ്രതികരണങ്ങളും ഒന്നു നോക്കി കാണുക! അപ്രതീക്ഷിതമായി? ഏറ്റവും തീർച്ചയായി! ഞങ്ങൾ അതു പദ്ധതിയിട്ടതാണോ? തീർച്ചയായിട്ടും അല്ല! എവിടെ ആത്മാവിന്റെ കാറ്റു അടിക്കുന്നുവോ അവിടെ പോകുവാൻ ഞങ്ങൾ പഠിച്ചു. ആഫ്രിക്കൻ-അമേരിക്കക്കാരുടെയും അല്ലെങ്കിൽ സ്പാനിഷ് സമുദായത്തിന്റെയും ഇടയിൽ ശുശ്രൂഷ ചെയ്യുമെന്ന് ഞങ്ങൾ ഒരിക്കലും വിചാരിച്ചതേയില്ല. എവിടെയെല്ലാം അടിക്കുവാൻ അവൻ ആഗ്രഹിക്കുന്നുവോ, ഞങ്ങൾ പോകും! നിങ്ങളുടെ ജീവിതത്തിലും ദൈവം അപ്രതീക്ഷിതമായ മാറ്റം വരുത്തുന്നതിന് തയ്യാറായി തുറന്നിരിക്കുക.

- ✧ ദൈവം ചില സമയങ്ങളിൽ സംഭവങ്ങളും സന്ദർഭങ്ങളും നമ്മുടെ ജീവിതങ്ങളിൽ ഉദ്ദേശിച്ചകാര്യം ഫലവത്താകുവാൻ വേണ്ട സജ്ജീകരണം ശ്രദ്ധയോടെ ചെയ്തേക്കും, അതു നമുക്കു മുഴുവനായി അപ്രതീക്ഷിതമായിരിക്കും.
- ✧ എങ്ങനെ ആയാലും ബുദ്ധിയോടുകൂടെ ചെയ്യേണ്ട കാര്യം ദൈവത്തിനു കീഴടങ്ങുക എന്നതാണ്. എന്നിട്ട് 'കാറ്റ് അടിക്കുന്നിടത്തേക്ക് പോകുക.'
- ✧ അപ്രതീക്ഷിതമായ മാറ്റങ്ങൾക്കുവേണ്ടി തുറന്നിരിക്കുക, അവ ദൈവം നമ്മളുടെ ജീവിതത്തിൽ കൊണ്ടുവരുന്നു. ഇവ നമ്മുടെ ജീവിതങ്ങളിലെ തിരിയുവാനുള്ള സൂചന ആയിരിക്കുവാൻ കഴിയും.

# 5

# മാറ്റം പുരോഗതിക്കും അഭിവൃദ്ധിപ്പെടലിനും ആവശ്യം

**"ആമ്മേൻ, ആമ്മേൻ, ഞാൻ നിങ്ങളോടു പറയുന്നു: കോതമ്പു മണി നിലത്തുവീണ് ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും" (യോഹന്നാൻ 12:24).**

നമ്മൾ തേജസ്സിൽനിന്നും തേജസ്സിലേക്കു 'മാറ്റപ്പെടുന്നു.' അതു കൊണ്ട്, ഇന്നു നമ്മൾ അനുഭവിക്കുന്ന തേജസ്സിന്റെ നിലയിൽ നിന്നും അടുത്ത നിലയിലേക്കു നീങ്ങുന്നതിനു, ആദ്യം നമ്മൾ മാറ്റപ്പെടണം. അഭിവൃദ്ധിപ്പെടുന്നതിൽനിന്നും നമ്മളെ തടസ്സപ്പെടുത്തുന്നതും നിശ്ചലമായി നിർത്തുന്നതുമായ കാര്യങ്ങളിൽ നിന്നും – നമ്മുടെ ആന്തരോദ്ദേശ്യങ്ങളായാലും, മനസ്ഥിതിയായാലും, മാർഗ്ഗദർശനമായാലും, അല്ലെങ്കിൽ സംസാരിക്കൽ ആയാലും – മാറ്റം വരുത്തണം. ഇങ്ങനെയുള്ള കാര്യങ്ങളെ നമ്മൾ എഴുന്നേറ്റു അംഗീകരിക്കണം. എന്തുകൊണ്ടെന്നാൽ, അവ എന്താണെന്നും ദൈവത്തിന്റെ സഹായത്തോടെ അവ മാറ്റപ്പെടുന്നത് നമ്മൾ കാണണം. ഇന്നു നമ്മൾ എവിടെയാണെന്ന് നമ്മളെ പരിഗണിക്കുവാൻ കഴിയണം ആ ഒരു 'കോതമ്പുമണി' പ്രതീകമായിരിക്കുന്നതുപോലെ. ആ കോതമ്പുമണി വളരെ വിളവുതരുന്ന' അവസ്ഥയിലേക്കു നമ്മൾ നീങ്ങണം എന്നാഗ്രഹിക്കുന്നുവെങ്കിൽ, അപ്പോൾ ആദ്യം നമ്മൾ "നിലത്തുവീഴണം," "ചാകണം." എന്നിട്ട് "വളരെ വിളവുണ്ടാക്കണം." നമ്മളിലുള്ള മാറ്റത്തിന്റെ പ്രക്രിയയെയാണ് ഇത് പ്രതീകമായിരിക്കുന്നത്. ആദ്യം നമ്മൾ നിലത്തു വീഴണം, അതിനു താഴ്മ ആവശ്യമാണ്, നമ്മുടെ ഭാഗത്തു നിന്നും താഴ്മ ആവശ്യമാണ്, നമ്മൾക്കു മാറ്റം ആവശ്യമാണെന്നുള്ള സത്യം സ്വീകരിക്കുന്നതിന്. നമ്മൾ സ്വയത്തിനു മരിക്കണം. ഇതു ചില സമയങ്ങളിൽ വേദനയുടെ ഒരു പ്രക്രിയ ആയിരിക്കുവാൻ കഴിയും.

അപ്പോൾ നമ്മൾ തേജസ്സിന്റെ അടുത്ത നിലയിലേക്കു ഉയർത്തപ്പെടും, ഇങ്ങനെ പുരോഗതിയും അഭിവൃദ്ധിപ്പെടലും അനുഭവമാക്കുന്നതിനു കഴിയും.

> അഭിവൃദ്ധിപ്പെടുന്നതിൽനിന്നും നമ്മളെ തടസ്സപ്പെടുത്തുന്നതും നിശ്ചലമായി നിർത്തുന്നതുമായ കാര്യങ്ങളിൽ നിന്നും നമ്മുടെ ആന്തരോദ്ദേശ്യങ്ങളായാലും, മനഃസ്ഥിതി ആയാലും മാർഗ്ഗദർശനമായാലും അല്ലെങ്കിൽ സംസാരിക്കൽ ആയാലും മാറ്റം വരുത്തണം.

# 6

# മാറ്റത്തിന്റെ ആത്മാവ്

**“ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിൻമീതെ ഇരുൾ ഉണ്ടായിരുന്നു, ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമീതെ പരിവർത്തിച്ചുക്കൊണ്ടിരുന്നു. വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി (ഉല്പത്തി 1:1–3).**

തേജസ്സിൽനിന്നും തേജസ്സിലേക്ക് ദൈവത്തിന്റെ ആത്മാവാണ് നമ്മളെ മാറ്റുന്നത്. പരിശുദ്ധാത്മാവ് മാറ്റത്തിന്റെ പ്രതിനിധിയാണ്. ഭൂമി പാഴായും, ശൂന്യമായും, ഇരുട്ടായിട്ടുമാണ് ഇരുന്നത്. എന്നാൽ ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമീതെ പരിവർത്തിച്ചുക്കൊണ്ടിരുന്നു. ദൈവം വചനങ്ങൾ സംസാരിച്ചു “വെളിച്ചം ഉണ്ടാകട്ടെ” എന്നു അപ്പോൾ ദൈവത്തിന്റെ ശക്തിയുള്ള പരിശുദ്ധാത്മാവ് ഇരുട്ടിന്റെ നടുവിൽ വെളിച്ചം കൊണ്ടുവന്നു. ഇതു വളരെ അർത്ഥപൂർണ്ണമായതാണ്, ദൈവത്തിന്റെ ആത്മാവ് ശൂന്യമായും പാഴായും ഇരുട്ടായുമിരുന്ന ഭൂമിമേൽ പരിവർത്തിച്ചു കൊണ്ടിരിക്കുകയായിരുന്നു. ദൈവം സംസാരിക്കുവാൻ തയ്യാറായിരുന്നപ്പോൾ, ആ സർഗ്ഗശക്തിയുള്ളതും ബലവർദ്ധകവുമായ വചനങ്ങളെ. പരിശുദ്ധാത്മാവ് മാറ്റത്തിന്റെ ആത്മാവാണെന്നു നമുക്കു ബോധ്യമായി. അവനാകുന്ന മാറ്റവും രൂപാന്തരീകരണവും കൊണ്ടുവരുന്നത്. ഭൂമിയുടെ മുഖം പുനഃസ്ഥാപിച്ചപ്പോൾ അവൻ വളരെ വലിയ വിധത്തിൽ ഇതു ചെയ്തു (ഉല്പത്തി 1). അപ്പോൾ, അവൻ എത്ര അധികമായി നമ്മളിൽ പ്രവർത്തിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം, ദൈവത്തിന്റെ തേജസ്സിനാൽ നമ്മളെ നിറച്ചും നമുക്ക് രൂപാന്തരീകരണം വരുത്തിയും അങ്ങനെ അവന്റെ ദൃഷ്ടിയിൽ നമുക്കും നല്ലവരായിരിക്കുവാൻ കഴിയും. നമ്മൾ അവനു കീഴടങ്ങുന്ന പരിധിക്കു അനുസരിച്ചു മാത്രമേ അവൻ നമ്മിൽ പ്രവർത്തിക്കുക

യുള്ളൂ. നിങ്ങളുടെ ഹൃദയം പരിശുദ്ധാത്മാവിന് തുറന്നു കൊടുക്കുക. നിങ്ങളെത്തന്നെ അവനു സമർപ്പിച്ചു കൊടുക്കുക. നിങ്ങൾക്കു മാറ്റം വരുത്തുവാൻ അവനോട് അപേക്ഷിക്കുക. നിങ്ങളുടെ ജീവിതത്തിലെ മാറ്റത്തിനാവശ്യമായ സ്ഥലങ്ങളുമായി ഇടപെടുന്നതിന് അവനോട് അപേക്ഷിക്കുക

## ദൈവവചനം മാറ്റത്തിനു കാരണമാകുന്നു

ദൈവത്തിന്റെ സർഗ്ഗശക്തിയുള്ളതും ബലവർദ്ധകവുമായ പ്രവൃത്തിയിൽ, പരിശുദ്ധാത്മാവ് മാത്രമല്ല ഭൂമിമേൽ നീങ്ങിക്കൊണ്ടിരുന്നത്. എന്നാൽ ഇരുട്ടിൻമേലും ശൂന്യതയിൻമേലും ദൈവവചനവും സംസാരിക്കപ്പെട്ടു (ഉല്പത്തി1). ഇതുപോലെ തന്നെ ആത്മാവും വചനവും ഒരുമിച്ചു ചേർന്ന് നമ്മുടെ ജീവിതങ്ങളിൽ മാറ്റങ്ങൾ കൊണ്ടുവരുന്നു. ദൈവവചനത്തിനുവേണ്ടി നിങ്ങളുടെ ഹൃദയവും മനസ്സും തുറന്നു വയ്ക്കുക. നിങ്ങൾ തന്നെ ദൈവവചനം പഠിച്ച് ധ്യാനിക്കുക, നിങ്ങളുടെ ജീവിതത്തിൽ രൂപാന്തരീകരണത്തിന്റെ ശക്തി, ദൈവവചനം പുറത്തേക്കു വിടുവാൻ ആരംഭിക്കും.

പരിശുദ്ധാത്മാവിനുവേണ്ടി നിങ്ങളുടെ ഹൃദയം തുറന്നുകൊടുക്കുക. നിങ്ങളെതന്നെ അവനു സമർപ്പിക്കുക, നിങ്ങൾക്കു മാറ്റം വരുത്തുന്നതിനു അവനോട് അപേക്ഷിക്കുക. നിങ്ങളുടെ ജീവിതത്തിലെ മാറ്റത്തിനാവശ്യമായ സ്ഥലങ്ങളുമായി ഇടപെടുന്നതിന് അവനോട് അപേക്ഷിക്കുക

# ഒരു പ്രാർത്ഥന

## ദൈവമേ, എന്നെ മാറ്റേണമേ

പ്രിയപിതാവേ, യേശുവിന്റെ നാമത്തിൽ ഞാൻ നിന്റെ അടുക്കലേക്കു വരുന്നു. ദൈവമേ, എന്റെ ജീവിതത്തിലെ മാറ്റപ്പെടേണ്ടതായ കാര്യങ്ങളെ ഞാൻ കാണുന്നു. ദൈവമേ, നിന്റെ വചനത്തിന്റെയും ആത്മാവിന്റെയും ശക്തിയാൽ എനിക്കു മാറ്റം വരുത്തേണമേ. ഞാൻ ആയിരിക്കുന്ന ഇടത്തുനിന്നും ഞാൻ എവിടെയായിരിക്കണം എന്നാണു നിന്റെ ഹിതം അവിടേക്കു നീങ്ങുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ എന്തായിത്തീരണം എന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത് അതെല്ലാം ആയിത്തീരുവാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്കുവേണ്ടി എന്തെല്ലാം നിന്റെ സംഭരണത്തിലുണ്ടോ അതെല്ലാം സ്വീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.ദൈവമേ എന്റെ ഹൃദയത്തെയും മനസ്സിനെയും മാറ്റേണമേ. എന്റെ ആന്തരോദ്ദേശ്യങ്ങൾക്കും, എന്റെ മനഃസ്ഥിതിക്കും, എന്റെ സംസാരിക്കലിനും, എന്റെ മാർഗ്ഗദർശനം ചെയ്യുന്നതിനും മാറ്റം വരുത്തേണമേ. ദൈവത്തിന്റെ കാര്യങ്ങൾ, എനിക്കു പുരോഗതിക്കും അഭിവൃദ്ധിപ്പെടലിനും ആവശ്യമായതു, അവയിൽനിന്നെന്നെ തടസ്സപ്പെടുത്തുന്ന എല്ലാറ്റിനെയും വിട്ടുകളയുവാൻ എന്നെ സഹായിക്കേണമേ. ആമ്മേൻ.

# എല്ലാ ജനങ്ങളുടെയും സഭയെക്കുറിച്ച്

ബാംഗ്ലൂർ നഗരത്തിൽ ഉപ്പായും വെളിച്ചമായും ഇരിക്കുവാനും ഇൻഡ്യാരാജ്യത്തിലും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ശബ്ദ മായിരിക്കുവാനുമാണ് എല്ലാ ജനങ്ങളുടെയും സഭയുടെ ദർശനം.

പരിശുദ്ധാത്മാവിന്റെ പൂർണ്ണ അഭിഷേകത്തിലും പൂർണ്ണ നട ത്തിപ്പിലും സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനും പ്രബോധിപ്പിക്കുവാനും പഠിപ്പിക്കുവാനും ഉപദേശിക്കുവാനുമാണ് സഭ ചുമതലപ്പെട്ടിരിക്കുന്നത്. ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും സത്യവചനത്തെ പ്രസംഗിക്കുന്നതിന് തുല്യമായി വേറെ യാതൊന്നും ഇന്നത്തെ ആധുനിക യുഗത്തിൽ ഇല്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത് (1 തെസ്സലൊനിക്യർ 1:5). ഞങ്ങളുടെ ചിന്താവിഷയം യേശുവാണ്. ഞങ്ങളുടെ സന്തുഷ്ടി ദൈവവചനമാണ്. ഞങ്ങളുടെ പ്രമാണം പരിശുദ്ധാത്മ ശക്തി യാണ്. ഞങ്ങളുടെ ശക്തിമത്തായ വികാരം ജനങ്ങളാണ്. ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുവിനെപ്പോലെയുള്ള പക്വതയാണ്. ഞങ്ങളുടെ സ്വന്തമായി ഞങ്ങൾ പ്രസംഗിക്കത്തില്ല. എന്നാൽ യേ ശുവിനുവേണ്ടി കർത്താവായ യേശുക്രിസ്തുവും ഞങ്ങളും നിങ്ങ ളുടെ ശുശ്രൂഷക്കാരായിരിക്കുന്നു. ഞങ്ങൾ യേശുവിനെ പ്രസംഗി ക്കുന്നു. എല്ലാവർക്കും താക്കീതു കൊടുത്ത് എല്ലാ ജ്ഞാനത്തോ ടെയും പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ എല്ലാവരെയും പരി പൂർണ്ണരാക്കിത്തീർക്കണം എന്നാണ് (യേശുവിനെപ്പോലെ പക്വ ത) (2 കൊരിന്ത്യർ 4:5; കൊലൊസ്യർ 1:28).

ഈ പുസ്തകം വായിച്ച് നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ പുസ്തകം നിങ്ങൾക്കുവേ ണ്ടിയുള്ള ഞങ്ങളുടെ ഒരു 'സമ്മാനം' ആണ്. ഇത് സൗജന്യം ആണ്.

മാറ്റം

നിങ്ങളെപ്പോലെയുള്ള ആയിരങ്ങൾക്കു ഈ പുസ്തകം സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുന്നു. അനേകരോടു ദൈവ വചനം അറിയിക്കുവാൻ ധനപരമായി നിങ്ങൾ ഞങ്ങളുടെ ഒരു പങ്കാളി ആകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. തുടർച്ചയായുള്ള നിങ്ങളുടെ ധനസഹായം അനേകരെ ദൈവവചനം അറിയിക്കു വാൻ സാധിക്കും. കർത്താവു നയിക്കുന്നതനുസരിച്ചു എല്ലാ ജന ങ്ങളുടെയും സഭയിലെ ഒരു പങ്കാളിയാകുക. നിങ്ങളുടെ സംഭാവ നകൾ ചെക്ക് / ഡ്രാഫ്റ്റ് / മണിഓർഡർ ആയി "എല്ലാ ജനങ്ങളു ടെയും സഭ ബാംഗ്ലൂർ"ലേക്കു അയച്ചുതരിക. നിങ്ങൾ ഞങ്ങൾക്കു എഴുതുമ്പോൾ വേറെ പുസ്തകങ്ങളും ആവശ്യപ്പെടുക. ഈ പുസ്തകം നിങ്ങൾക്കു എത്രമാത്രം പ്രയോജനം ആയെന്നും നിങ്ങളുടെ പ്രാർത്ഥനാവശ്യങ്ങളും അഭിപ്രായങ്ങളും അറിയിക്കുക.

## സമ്പർക്ക വിവരം:

**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91 - 80 - 65970617
Email : contact@apcwo.org
Website : www.apcwo.org

# പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്

നിങ്ങളെ വിളിക്കുന്നതിൽ വിട്ടുവീഴ്ച ചെയ്യരുത്

സത്യസന്ധത

എല്ലാ ഉദ്ദേശ്യത്തിനും ഒരു സമയം

നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നത്

ഉണർവ്: ഒരു സഭ ഉണർവിൽ

സ്വർഗ്ഗം: സത്യമായും വിളിക്കപ്പെട്ട ഒരു സ്ഥലം

ജോലിയെക്കുറിച്ചു വേദപുസ്തകപരമായ നിലപാട്

വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

മാറ്റം

ദൈവസാന്നിദ്ധ്യം

ദൈവത്തിന്റെ വചനം

നമ്മൾ പ്രത്യേകമായവരാണ്

പ്രത്യാശ നഷ്ടപ്പെടുത്തരുത്

ശുദ്ധീകരിക്കുന്നവന്റെ തീ

ദൈവരാജ്യം

തുറന്ന സ്വർഗ്ഗങ്ങൾ

വിശുദ്ധന്മാരെ ഒരുക്കുന്നത്

ചുമതലപ്പെടുത്തലിന്റെ ശക്തി

# ഇൻഡ്യയിൽ എല്ലാ ജനങ്ങളുടെയും സഭയുള്ള സ്ഥലങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ഇടങ്ങളിൽ എല്ലാ ജനങ്ങളുടെയും സഭയുണ്ട്.

എല്ലാ ജനങ്ങളുടെയും സഭ – ബാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – തൊക്കോട്ട്, മാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – കല്യാൺ, മുംബൈ (മഹാരാഷ്ട്ര)

എല്ലാ ജനങ്ങളുടെയും സഭ – വിശാഖപട്ടണം (ആന്ധ്രാപ്രദേശ്)

എല്ലാ ജനങ്ങളുടെയും സഭ – തേജ്പൂർ (ആസ്സാം)

എല്ലാ ജനങ്ങളുടെയും സഭ – ബെർഹാംപൂർ (ഒറീസ്സാ)

എല്ലാ ജനങ്ങളുടെയും സഭ – നാഗ്പൂർ (മഹാരാഷ്ട്ര)

പുതിയ സഭകൾ ഇൻഡ്യയുടെ പലയിടങ്ങളിലും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ജനങ്ങളുടെയും സഭകളുടെ ഇടങ്ങളും, നിലവിലുള്ള ലിസ്റ്റും ബന്ധപ്പെടുവാനുള്ള വിവരങ്ങളും അറിയേണ്ടതിന് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.

www.apcwo.org or
send an email to contact@apcwo.org

# ബൈബിൾ കോളേജ്

എല്ലാ ജനങ്ങളുടെയും സഭ, ബൈബിൾ കോളേജ്, പൗരോഹിത്യ പരിശീലന കേന്ദ്രം ഇവ ആരംഭിച്ചത് 2005 ആഗസ്റ്റുമാസത്തിലാണ്. വിശ്വസ്തരും കഴിവും ഉള്ള പുരുഷന്മാരെയും സ്ത്രീകളെയും പരിശീലിപ്പിച്ചു ഒരുക്കി ഇൻഡ്യയുടെ പല ഭാഗങ്ങളിലേക്കും ലോകത്തിലെ മറ്റു രാജ്യങ്ങളിലേക്കും അയയ്ക്കുക എന്നതാണ് ബൈബിൾ കോളേജിന്റെ ചുമതല. അതുപോലെ യേശുക്രിസ്തുവിനുവേണ്ടി ഗ്രാമങ്ങളിലും പട്ടണങ്ങളിലും നഗരങ്ങളിലും രാജ്യങ്ങളിലും സ്വാധീനം വരുത്തുവാനും.

**രണ്ടു പരിപാടികൾ ആണ് ഇവിടെ നടത്തുന്നത്.**

→ രണ്ടു വർഷത്തെ ബൈബിൾ കോളേജ് പരിപാടി കുട്ടികൾക്കു മുഴുവൻ സമയവും. പൗരോഹിത്യ ശുശ്രൂഷയ്ക്കായി സർവ്വകലാശാല സംബന്ധമായ മേന്മയോടുകൂടി ആത്മീകമായും പ്രവർത്തനപരമായും പരിശീലനം നൽകപ്പെടുന്നു. പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് തിയോളജിയിലും ക്രിസ്ത്യൻ മിനിസ്ട്രിയിലും ഡിപ്ലോമ ലഭിക്കുന്നു.

→ ബൈബിൾ കോളേജിലെ പഠിത്തം പൂർത്തിയാക്കിയവർ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കു പ്രവർത്തനപരമായ പരിശീലനം കൊടുക്കുന്നു. ഒരു വർഷമോ രണ്ടു വർഷമോ പരിശീലനം ലഭിച്ചവർക്ക് പ്രവർത്തനപരമായ പരിശീലനത്തിന്റെ സർട്ടിഫിക്കറ്റു കൊടുക്കുന്നു. എത്ര നാളാണ് പരിശീലനം ലഭിച്ചു എന്നുള്ളത് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നു.

ഇംഗ്ലീഷിലാണ് ക്ലാസ്സുകൾ നടത്തുന്നത്. ദൈവവചനത്തിൽ നല്ല പരിശീലനം നേടിയവരും അഭിഷിക്തരുമായ അദ്ധ്യാപകരാണ് കോളേജിലുള്ളത്. കോളേജിലെ എല്ലാ അദ്ധ്യാപകരുടെയും കുട്ടികളുടെയും ഉപയോഗത്തിനായി എ.പി.സി. സ്റ്റഡി സെന്ററും ലൈബ്രറിയും ഉണ്ട്.

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്ക് അറിയാമോ?

2010 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മ നുഷ്യനായി ഈ ഭൂമിയിൽ വന്നു. അവന്റെ പേരാണ് യേശു. പാപംകൂടാതെ പരിപൂർണ്ണമായ ഒരു ജീവിതം യേശു ജീവിച്ചു. യേശു ജഡത്തിൽ ദൈവമായിരുന്നതുകൊണ്ട് യേശു ചെയ്യുകയും പറയുകയും ചെയ്ത എല്ലാ കാര്യങ്ങളിലൂടെയും ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തന്നു. യേശു സംസാരിച്ച എല്ലാ വചനങ്ങളും ദൈവത്തിന്റെ വചനങ്ങളായിരുന്നു. യേശു ചെയ്ത എല്ലാക്കാര്യങ്ങളും ദൈവത്തിന്റെ പ്രവൃത്തികൾ ആയിരുന്നു. ഒത്തിരി അത്ഭുതങ്ങൾ യേശു ഭൂമിയിൽ പ്രകടിപ്പിച്ചു. രോഗികളെയും കഷ്ടം അനുഭവിക്കുന്നവരെയും യേശു സൗഖ്യമാക്കി. യേശു കുരുട്ടുകണ്ണുകളെ തുറന്നു. ചെകിടരെ കേൾക്കുമാറാക്കി. മുടന്തരെ നടക്കുമാറാക്കി. എല്ലാവിധ വ്യാധികളെയും രോഗങ്ങളെയും സൗഖ്യമാക്കി. അത്ഭുതകരമായി, അഞ്ച് അപ്പം കൊണ്ട് അനേകായിരങ്ങളുടെ വിശപ്പടക്കി. കൊടുങ്കാറ്റിനെ ശാസിച്ചമർത്തി. അങ്ങനെ മറ്റനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു.

ഈ പ്രവൃത്തികൾ എല്ലാം നമുക്ക് വെളിപ്പെടുത്തിക്കാണിക്കുന്നത് ദൈവം ഏറ്റവും നല്ല ഒരു ദൈവം ആണെന്നാണ്. ജനങ്ങൾ എല്ലായ്പ്പോഴും സുഖമായിട്ടും ആരോഗ്യമായിട്ടും സന്തോഷമായിട്ടും തികഞ്ഞവരായിട്ടും ഇരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നൽകി കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

എന്തുകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വരുവാൻ തീരുമാനമെടുത്തത്? എന്തുകൊണ്ടാണ് യേശു വന്നത്?

നമ്മൾ എല്ലാവരും പാപം ചെയ്യുകയും നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പാകെ ദൈവത്തിനു സ്വീകാര്യമല്ലാത്ത അനേകം കാര്യങ്ങൾ ചെയ്യുകയും ചെയ്തു. പാപത്തിന് അതിന്റേതായ അനന്തരഫലങ്ങൾ ഉണ്ട്. നമുക്കും ദൈവത്തിനും മുമ്പാകെ മാറ്റപ്പെടുത്താൻ വയ്യാത്ത വലിയ ഒരു മതിലാണ് പാപം. പാപം ദൈവത്തിൽനിന്നും നമ്മെ വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവത്തെ നാം അറിയുന്നതിനും ദൈവവുമായി ഒരു ഉത്തമബന്ധം സ്ഥാപിക്കുന്നതിനും പാപം നമ്മെ തടസ്സപ്പെടുത്തുന്നു. അതുകൊണ്ട് നമ്മൾ അനേകരും ഈ ശൂന്യത മറ്റനേകം കാര്യങ്ങളെക്കൊണ്ട് നികത്തിക്കുന്നു.

നമ്മുടെ പാപങ്ങളുടെ മറ്റൊരു പരിണിതഫലം ദൈവത്തിൽനിന്നും നിത്യമായ ഒരു വേർപിരിയൽ ആണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണം ആണ്. മരണം, നരകത്തിൽ, ദൈവവുമായിട്ടുള്ള നിത്യമായ വേർപെടുത്തൽ ആണ്.

എന്നാൽ, നമുക്ക് പാപത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാമെന്നും ദൈവവുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിക്കാം എന്നും ഒരു സുവാർത്താദൂതുണ്ട്. വേദപുസ്തകം പറയുന്നു, "പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമർ 6:23). യേശു ക്രൂശിൽ മരിച്ചതിലൂടെ സർവ്വലോകത്തിന്റെയും പാപത്തിന്റെ വില കൊടുത്തു. മൂന്നു ദിവസം കഴിഞ്ഞു യേശു കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റു, ജീവിച്ചിരിക്കുന്നു എന്ന് അനേകർക്ക് കാണിച്ചുകൊടുത്തു, എന്നിട്ട് സ്വർഗ്ഗത്തിലേക്കു തിരിച്ചുപോയി.

ദൈവം സ്നേഹവും കരുണയും ഉള്ള ഒരു ദൈവമാണ്. ഒരു വ്യക്തിപോലും നരകത്തിൽ പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാ മാനവവർഗ്ഗത്തിനും, പാപത്തിൽനിന്നും, അതിന്റെ പരിണിതഫലത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് ഒരു വഴി

ഒരുക്കുവാനാണ് ദൈവം വന്നത്. ദൈവം പാപികളെ രക്ഷിപ്പാനാണ് വന്നത് - എന്നെയും നിങ്ങളെയും പാപത്തിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷിക്കുവാൻ.

ഈ പാപമോചനം സൗജന്യമായി ലഭിക്കുവാൻ, ഒരേ ഒരു കാര്യം ചെയ്യുവാനാണ് വേദപുസ്തകം നമ്മളോട് പറയുന്നത് - കർത്താവായ യേശുക്രിസ്തു കാൽവരിക്രൂശിൽ ചെയ്തത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കയും ചെയ്യണം എന്നുള്ളതാണ്.

"അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും" (അപ്പൊ. പ്ര. 10:43).

"യേശുവിനെ കർത്താവ് എന്നു വായകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).

നിങ്ങളും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്കും പാപമോചനവും പാപങ്ങളുടെ കഴുകലും പ്രാപിക്കാം.

താഴെ കൊടുത്തിരിക്കുന്ന ലളിതമായ പ്രാർത്ഥന, കർത്താവായ യേശുക്രിസ്തുവിലും യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്തുചെയ്തു എന്നു വിശ്വസിക്കുന്നതിനുമായി ഒരു തീരുമാനമെടുക്കുവാൻ നിങ്ങളെ സഹായിക്കും.

യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്താണ് ചെയ്തതെന്നും നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുവാനും കഴുകൽ പ്രാപിക്കുവാനും ഉള്ള നിങ്ങളുടെ സ്വീകാരം പ്രകടിപ്പിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന നിങ്ങൾക്ക് ഒരു മാർഗ്ഗദർശനം മാത്രം ആണ്. നിങ്ങളുടെ സ്വന്തവാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയകർത്താവായ യേശുവേ, ഇന്ന്, നീ എനിക്കുവേണ്ടി ക്രൂശിൽ ചെയ്തതു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നീ എനിക്കുവേണ്ടി മരിച്ചു. എനിക്കു പാപമോചനം ലഭിക്കുവാൻ നിന്റെ **വിലയേറിയ രക്തം ചൊരിഞ്ഞു** എന്റെ പാപങ്ങൾക്കു നീ **പ്രായശ്ചിത്തം** കൊടുത്തു. വേദപുസ്തകം പറയുന്നു, ആരെല്ലാം നിന്നിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾക്കു മോചനം ലഭിക്കുമെന്ന്.

ഇന്ന്, നിന്നിൽ വിശ്വസിക്കുവാനും, നീ എനിക്കു വേണ്ടി ചെയ്തത്, എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതും മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റതും, അംഗീകരിക്കുവാനും ഞാൻ തീരുമാനം എടുക്കുന്നു. എന്റെ നല്ല പ്രവൃത്തികളാലോ, മറ്റു മനുഷ്യരാലോ എനിക്കു രക്ഷിക്കപ്പെടുവാൻ കഴിയത്തില്ലെന്നു ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കു പാപമോചനം പ്രാപിക്കുവാൻ എനിക്കു കഴിയത്തില്ല.

ഇന്ന്, എന്റെ ഹൃദയത്തിൽ ഞാൻ വിശ്വസിച്ചു എന്റെ വായ കൊണ്ട് ഞാൻ ഏറ്റുപറയുന്നു, നീ എനിക്കുവേണ്ടി മരിച്ചു എന്നും എന്റെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കൊടുത്തു എന്നും നീ മരിച്ചവരിൽനിന്നും വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നും. നിന്നിലുള്ള വിശ്വാസത്താൽ പാപമോചനവും പാപങ്ങളുടെ കഴുകലും ഞാൻ സ്വീകരിക്കുന്നു.

യേശുവേ നന്ദി. നിന്നെ സ്നേഹിക്കുവാനും നിന്നെ കൂടുതൽ അറിയുവാനും നിന്നോടു വിശ്വസ്തനായിരിക്കുവാനും എന്നെ സഹായിക്കേണമേ. ആമേൻ.

നമ്മുടെ ക്രിസ്തീയജീവിതം ആരംഭിച്ചതു മാനസാന്തരത്തിൽനിന്നുമാണ്, അതു അത്യന്താപേക്ഷിതമായി ഹൃദയത്തിനും മനസ്സിനും ഒരു മാറ്റം, പാപത്തിൽനിന്നും പിശാചിൽനിന്നും, ജീവനുള്ള ദൈവത്തിങ്കലേക്കു. ആ നിമിഷത്തിൽതന്നെ, ദൈവം നമ്മുടെ ഉള്ളിൽ മാറ്റം വരുത്തി. നമ്മൾ വീണ്ടും ജനിച്ചവരായിത്തീർന്നു. ക്രിസ്തുവിൽ നമ്മൾ പുതിയ സൃഷ്ടികൾ ആയി തീർന്നു. ഒരേ നിമിഷത്തിൽ, നമ്മുടെ ആത്മാക്കളിൽ ദൈവം ഒരു സൃഷ്ടിയുടെ പ്രവൃത്തി നടത്തി, അതു നമ്മളെ അന്ധകാരത്തിൽനിന്നും വെളിച്ചത്തിലേക്കു കൊണ്ടുവന്നു, സാത്താന്റെ അടിമത്തത്തിൽനിന്നും ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിലേക്കു കൊണ്ടുവന്നു. ക്രിസ്തുവിൽ നമ്മുടെ ജീവിതം നിമിഷനേരം കൊണ്ടുള്ള ഒരു മാറ്റത്താൽ തുടങ്ങി, ഇതു പെട്ടെന്നുണ്ടാകുന്ന സംഭവത്തിന്റെ മാറ്റത്താൽ ഉച്ചാവസ്ഥ പ്രാപിക്കുന്നു. എന്നാൽ ഈ രണ്ടു നിലയുടെയും ഇടയ്ക്കു തുടർച്ചയായുള്ള മാറ്റത്തിന്റെ പ്രക്രിയയുണ്ട്. ആ വിഷയമാണ് ഈ പുസ്തകം സവിസ്തരം പ്രതിപാദിക്കുന്നത്. അത് ഒന്നാമതായി പ്രയോജകമായിട്ടുള്ളതാണ്, നമ്മളെ ഉത്തേജിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ തുടർച്ചയായുള്ള മാറ്റത്തിന്റെ പ്രക്രിയയ്ക്കു നമ്മൾ ഊർജ്ജസ്വലമായി ഉൾപ്പെടുവാൻ.

**അഷീഷ് റായിച്ചൂർ**